
മുദ്രകൾ

# ഇസ്‌ലാമിക സമ്പദ്ക്രമം നടപ്പാക്കൂ ഫ്രഞ്ച് പത്രങ്ങൾ

**ലോകം** സാമ്പത്തിക പ്രതിസന്ധിയിൽ മൂക്കറ്റം മുങ്ങിനിൽക്കുമ്പോഴും, അടിസ്ഥാന പ്രശ്നങ്ങളെ അഭിമുഖീകരിക്കാതെ ഒളിച്ചുകളി നടത്തുകയാണ് വികസിതമെന്ന് മുദ്രകുത്തപ്പെട്ട രാഷ്ട്രങ്ങൾ. തീർത്തും വ്യത്യസ്തമായ ചിത്രമാണ് ഫ്രാൻസിലെ പത്രലോകം നൽകുന്നത്. മുതലാളിത്തം അടിമുടി തകർന്നിരിക്കുന്നു എന്നവ വിളിച്ചു പറയുന്നു. ബദൽ വ്യവസ്ഥയും നിർദേശിക്കുന്നു- ഇസ്‌ലാമിക സമ്പദ്ഘടന! ഇസ്‌ലാമിക ഭീകരതയെക്കുറിച്ച് പൊലിപ്പിച്ചെഴുതിക്കൊണ്ടിരുന്ന ഫ്രഞ്ച് പത്രങ്ങൾ എത്ര പെട്ടെന്നാണ് കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചത്! യൂറോപ്പിലെ തന്നെ ഏറ്റവും പ്രചാരമുള്ള ധനകാര്യ പത്രമാണ് ഫ്രഞ്ച് ഭാഷയിലെ Challenges. അതിന്റെ എഡിറ്റർ ഡൊവിസ് ഫിൻസൺ എഴുതിയ മുഖക്കുറിപ്പിന്റെ തലക്കെട്ട് 'പോപ്പും ഖുർആനും' എന്നാണ്.




ഇത് മുതലാളിത്തത്തിന്റെ ധാർമിക പരാജയമാണെന്നും പലിശക്ക് ന്യായീകരണങ്ങൾ ചമച്ച് കത്തോലിക്കാ സഭ അതിന് കൂട്ടുനിന്നെന്നും അദ്ദേഹം കുറ്റപ്പെടുത്തുന്നു.

പോപ്പിനെ പ്രതിസ്ഥാനത്ത് നിർത്തി അദ്ദേഹം കടന്നാക്രമിക്കുന്നു. "നമുക്കും നമ്മുടെ ബാങ്കുകൾക്കും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നറിയാൻ ബൈബിളിന് പകരം നാമിപ്പോൾ വായിക്കേണ്ടത് ഖുർആനാണ്. ഖുർആനിലെ നിയമനിർദേശങ്ങൾ നമ്മുടെ ബാങ്ക് നടത്തിപ്പുകാർ പാലിച്ചിരുന്നുവെങ്കിൽ നമുക്കീ ഗതി വരില്ലായിരുന്നു. നാണയങ്ങൾ നാണയങ്ങളെ പ്രസവിക്കില്ലെന്ന് നാം തിരിച്ചറിയണമായിരുന്നു."

Les Journal Des Financesന്റെ എഡിറ്റർ റോളാൻ ലാസ്കിൻ സാമ്പത്തിക രംഗത്ത് ഇസ്‌ലാമിക നിയമങ്ങൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയാണ് ഊന്നിപ്പറഞ്ഞത്. പലിശയും പലിശാധിഷ്ഠിത ഘടനയും ഇല്ലായ്മ ചെയ്തെങ്കിലേ പരിഹാരം കാണാനാവൂ എന്ന് അദ്ദേഹം സമർഥിച്ചു. 'ഇസ്‌ലാമിക ശരീഅത്തിനെ പുൽകാൻ വാൾസ്ട്രീറ്റ് ഒരുങ്ങിയോ?' എന്നാണ് അദ്ദേഹം എഴുതിയ മുഖക്കുറിപ്പിന്റെ തലക്കെട്ട്. ഈ വാദമുഖങ്ങളോട് അനുകൂലമായി പ്രതികരിച്ചുകൊണ്ട്, ഫ്രാൻസിലെ സർവോന്നത സാമ്പത്തിക സമിതി ഊഹക്കച്ചവടം പൂർണമായി നിരോധിക്കണമെന്ന് നിർദേശിക്കുകയുണ്ടായി. ഇസ്‌ലാമിക ബാങ്ക് ഉൽപന്നങ്ങളെ ബദലായി സ്വീകരിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി പ്രവചിച്ചുകൊണ്ട് ലോരിതാ നാപ്പോളിയാനി എന്ന ഇറ്റാലിയൻ ഗവേഷക 'തെമ്മാടി സമ്പദ്ഘടനകൾ' (Rogue Economics) എന്നൊരു പുസ്തകം എഴുതുകയുണ്ടായി. ആ പുസ്തകത്തിലും ഇസ്‌ലാമിക് ഫൈനാൻസിനെയാണ് അവർ ബദലായി ചൂണ്ടിക്കാട്ടുന്നത്. ■


*മുഹമ്മദ് മുജാഹിദ്*

# ബംഗ്ലാദേശിൽ മതപശ്ചാത്തലമുള്ള കക്ഷികൾക്ക് വിലക്ക്

**മതപശ്ചാത്തലമുള്ള** ഒരു പാർട്ടിയെയും അടുത്ത പൊതുതെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവദിക്കുകയില്ലെന്ന് ബംഗ്ലാദേശിലെ കെയർ ടേക്കർ ഭരണകൂടം. ഇത് സൈനികമേധാവികളാൽ നിയന്ത്രിക്കപ്പെടുന്ന ഭരണകൂടവും മതപശ്ചാത്തലമുള്ള പാർട്ടികളും തമ്മിൽ ഏറ്റുമുട്ടലിന് വഴിവെച്ചിരിക്കുകയാണ്. 1972-ൽ പാസ്സാക്കിയ ജനപ്രാതിനിധ്യ നിയമത്തിലാണ് ഭരണകൂടം ഭേദഗതികൾ വരുത്തിയിരിക്കുന്നത്. അടുത്ത ഡിസംബറിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിൽ മതം, ഭാഷ, വംശം, ജാതി എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പാർട്ടിക്കും അംഗീകാരം നൽകില്ല എന്നാണ് വിജ്ഞാപനം.

സേവനപ്രവർത്തനങ്ങളിലൂടെ ജനകീയ പ്രസ്ഥാനമായി വളർന്ന ജമാഅത്തെ ഇസ്‌ലാമിയെ മാത്രം ഉന്നം വെച്ച് കൊണ്ടുള്ളതാണ് ഈ നിയമഭേദഗതി എന്ന് വ്യക്തം. ജമാഅത്ത് ഇതിനെതിരിൽ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. "ഈ ഇടക്കാല ഉത്തരവ് ഭരണഘടനയുടെ അന്തസ്സത്തക്ക് യോജിക്കുന്നതല്ല"- മുൻ കേന്ദ്രമന്ത്രിയും ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ജനറലുമായ അലി അഹ്സൻ മുഹമ്മദ് മുജാഹിദ് പറഞ്ഞു. ബംഗ്ലാദേശ് നാഷ്നലിസ്റ്റ് പാർട്ടി (ബി.എൻ.പി) ഉൾപ്പെടെ നിരവധി കക്ഷികൾ ഇതിനെതിരെ രംഗത്തുണ്ട്. യൂറോപ്പിലും അമേരിക്കയിലും വരെ മതത്തിന്റെ പേരും പശ്ചാത്തലവുമുള്ള പാർട്ടികൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും അധികാരത്തിൽ പങ്കാളികളാവുകയും ചെയ്യുമ്പോൾ ഇവിടെ മാത്രം നിയമം ഭേദഗതി ചെയ്യുന്നത് അംഗീകരിക്കാനാവില്ലെന്ന് രാഷ്ട്രീയ നിരീക്ഷകനും ഡാക്കാ യൂനിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ ഇമാമുദ്ദീൻ അഹ്മദ് പറഞ്ഞു. ■

## മിൻഡനാവോ പ്രശ്നം ഇനി യു.എന്നിലേക്കും ഒ.ഐ.സിയിലേക്കും

**മിൻഡനാവോ** പ്രശ്നം രമ്യമായി പരിഹരിക്കപ്പെടുമെന്ന പ്രതീതി ഉളവാക്കി ഒത്തുതീർപ്പ് ചർച്ചകൾ മുന്നോട്ടു പോയെങ്കിലും സുപ്രീം കോടതി വിധി തിരിച്ചടിയായി. ഭരണകൂടവും മിൻഡനാവോ പ്രക്ഷോഭകാരികളും തമ്മിലുണ്ടാക്കിയ കരാർ ഭരണഘടനാവിരുദ്ധം എന്ന് വിശേഷിപ്പിച്ചാണ് സുപ്രീംകോടതി തള്ളിയത്. ഫിലിപ്പൈൻസിന്റെ തെക്കേ അറ്റത്തുള്ള മുസ്‌ലിം ഭൂരിപക്ഷ പ്രവിശ്യയാണ് മിൻഡനാവോ. സ്വയംഭരണം ആവശ്യപ്പെട്ട് നാലു പതിറ്റാണ്ടായി ഇവിടെയുള്ള സംഘടനകൾ പ്രക്ഷോഭത്തിലാണ്. ഒന്നേകാൽ ലക്ഷം പേർ ഈ പ്രക്ഷോഭങ്ങളിൽ വധിക്കപ്പെട്ടു.

പ്രശ്നത്തിന് സമാധാനപരമായ പരിഹാരം കാണുന്നതിനായി ഫിലിപ്പൈൻസ് കേന്ദ്രഭരണകൂടവും പ്രക്ഷോഭത്തിലേർപ്പെട്ട സംഘടനകളും ഏതാനും വർഷങ്ങളായി ചർച്ച നടത്തിവരികയായിരുന്നു. ഇരു വിഭാഗവും എത്തിച്ചേർന്ന ധാരണ പ്രകാരം, സ്വന്തമായി പോലീസ് സേനയെ വിന്യസിപ്പിക്കാനും ബാങ്കിംഗ്-വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനും മറ്റും മിൻഡനാവോ പ്രാദേശിക ഭരണകൂടത്തിന് അധികാരമുണ്ടായിരിക്കും. ഫിലിപ്പൈൻസ് സുപ്രീംകോടതി ധാരണാപത്രത്തെ എതിർത്തതോടെ സമാധാന ചർച്ചകൾ വഴിമുട്ടി. "ഇനി ആഭ്യന്തര ചർച്ചകൾ കൊണ്ട് കാര്യമില്ല. ഞങ്ങൾ പ്രശ്നം ഐക്യരാഷ്ട്രസഭയിലും ഒ.ഐ.സിയിലും ഉന്നയിക്കാൻ പോവുകയാണ്" -മോറോ ഇസ്‌ലാമിക് ലിബറേഷൻ ഫ്രന്റ് (എം.ഐ.എൽ.എഫ്) വക്താവ് മുഹാജിർ ഇഖ്ബാൽ പറഞ്ഞു.



മുഹാജിർ ഇഖ്ബാൽ

പ്രകൃതിവിഭവങ്ങളാൽ സമൃദ്ധവും ഫിലിപ്പൈൻ ദ്വീപുകളിൽ ഏറ്റവും സമ്പന്നവുമാണ് മിൻഡനാവോ. അഞ്ച് മില്യനിലധികം മുസ്‌ലിംകൾ ഇവിടെയുണ്ട്. കത്തോലിക്കർക്ക് ഭൂരിപക്ഷമുള്ള ഫിലിപ്പൈൻസിൽ എട്ടു ശതമാനമാണ് മുസ്‌ലിം ജനസംഖ്യ. ■




ഉമയ്യ ജുഹയുടെ കാർട്ടൂൺ

മുദ്രകൾ

## ആമിനാ വദൂദ് വീണ്ടും വിവാദത്തിൽ

**വെള്ളിയാഴ്ച** പ്രാർഥനക്ക് നേതൃത്വം നൽകി പ്രശസ്ത എഴുത്തുകാരി ആമിനാ വദൂദ് വീണ്ടും വിവാദം സൃഷ്ടിക്കുന്നു. ബ്രിട്ടനിലെ ഓക്സ്ഫോർഡ് മുസ്‌ലിം എജുക്കേഷൻ സെന്ററിൽ വെച്ചാണ് ഇത്തവണ ജുമുഅക്ക് നേതൃത്വം നൽകിയത്. അമേരിക്കയിലെ വിർജീനിയ കോമൺവെൽത്ത് യൂനിവേഴ്സിറ്റിയിൽ ഇസ്‌ലാമിക പഠനവിഭാഗം അധ്യാപികയായ വദൂദിന്റെ പിന്നിൽ അണിനിരന്ന് നമസ്കരിക്കാൻ വളരെ കുറച്ച് പേരേ എത്തിയിരുന്നുള്ളൂവെങ്കിലും മീഡിയ സംഭവത്തിന് അമിത കവറേജ് നൽകി. ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിയിൽ ഇസ്‌ലാമും ഫെമിനിസവും എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കാനെത്തിയ വദൂദിന്റെ നടപടിയിൽ പ്രതിഷേധിച്ച്, ഹാളിന് പുറത്ത് ഒരു സംഘം ബ്രിട്ടീഷ് മുസ്‌ലിം വനിതകൾ പ്രതിഷേധപ്രകടനം നടത്തുകയുണ്ടായി.

മൂന്നു വർഷം മുമ്പ് ന്യൂയോർക്കിൽ വെച്ചാണ് വദൂദ് ജുമുഅക്ക് നേതൃത്വം നൽകി വിവാദം സൃഷ്ടിച്ചത്. സ്ത്രീസ്വാതന്ത്ര്യത്തിന്റെ പേരിൽ വദൂദ് ആവിഷ്കരിക്കുന്ന ഇത്തരം പുതുരീതികൾക്ക് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനിലോ സുന്നത്തിലോ തെളിവുകളില്ലെന്നും പ്രവാചക പത്നിമാർ ഉൾപ്പെടെയുള്ള ശ്രേഷ്ഠ വനിതകളൊന്നും അത് ചെയ്തിട്ടില്ലെന്നും അതിനാൽ ആമിനാ വദൂദിന്റെ പ്രവൃത്തിക്ക് ഇസ്‌ലാമികമായി സാധുതയില്ലെന്നും അസംബ്ലി ഓഫ് മുസ്‌ലിം ജൂറിസ്റ്റ്സ് ഇൻ അമേരിക്ക(എ.എം.ജെ.എ) പോലുള്ള സംഘടനകൾ ചൂണ്ടിക്കാട്ടിയിരുന്നു. ■



ആമിനാ വദൂദ്

## വരുന്നു, ശാഹീൻ സൂപ്പർ കമ്പ്യൂട്ടർ

**സുഊദി** അറേബ്യയിലെ ജിദ്ദാ നഗരത്തിന് സമീപം നിർമാണം പുരോഗമിക്കുന്ന കിംഗ് അബ്ദുല്ലാ യൂനിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി(കെ.എ.യു.എസ്.ടി)യുടെ ഏറ്റവും വലിയ ആകർഷണമാണ് വേഗതയേറിയ സൂപ്പർ കമ്പ്യൂട്ടർ. മണിക്കൂറിൽ 340 കിലോമീറ്റർ പറക്കുന്ന, വേഗത്തിന്റെ തമ്പുരാൻ പ്രാപിടിയൻ പക്ഷി (ശാഹീൻ)യുടെ പേരാണ് ഇതിന് നൽകിയിരിക്കുന്നത്. ലോകത്തെ ഏറ്റവും വേഗത കൂടിയ ആറാമത്തെ കമ്പ്യൂട്ടർ ആയിരിക്കും ഇത്.

എഞ്ചിനിയറിംഗ്, മെറ്റീരിയൽ സയൻസ്, ബയോ സയൻസ്, ബയോ എഞ്ചിനീയറിംഗ്, അപ്ലൈഡ് മാത്തമാറ്റിക്സ്, കമ്പ്യൂട്ടേഷനൽ സയൻസ് എന്നിവയിൽ ഗവേഷണത്തിന് സൗകര്യം ഒരുക്കുന്ന ഉയർന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനമായിരിക്കും ഇത്. പത്ത് ബില്യൻ ഡോളറാണ് ഇതിന് വകയിരുത്തിയിരിക്കുന്നത്. യൂനിവേഴ്സിറ്റി അടുത്ത വർഷം പ്രവർത്തനം ആരംഭിക്കുമെന്ന് കരുതപ്പെടുന്നു. ■

മുദ്രകൾ

# മഹാരാഷ്ട്രയിൽ ഗുജറാത്ത് മോഡൽ കലാപം

**മഹാരാഷ്ട്രയിലെ** ധുലെ ജില്ലയിൽ കഴിഞ്ഞ ഒക്ടോബർ 15-ന് നടന്നത് ഗുജറാത്ത് മോഡൽ കലാപമായിരുന്നുവെന്ന് ജമാഅത്തെ ഇസ്‌ലാമി അന്വേഷണസംഘം വെളിപ്പെടുത്തി. പത്തു പേർ വധിക്കപ്പെട്ട കലാപത്തിൽ 45 ഷോപ്പുകളും 376 വീടുകളും പതിനഞ്ച് പ്രധാന വ്യാപാര കേന്ദ്രങ്ങളും വളരെ ആസൂത്രിതമായി നശിപ്പിക്കപ്പെട്ടു. കലാപത്തിന് അന്തരീക്ഷമൊരുക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പേ ഫാഷിസ്റ്റ് സംഘടനകൾ പ്രകോപനപരമായ ലഘുലേഖകൾ വിതരണം ചെയ്തു തുടങ്ങിയിരുന്നു. പോലീസിനെ വിവരം അറിയിച്ചെങ്കിലും പതിവ് പോലെ അവർ അനങ്ങിയില്ല. വീടുകളിലേക്കും കടകളിലേക്കും ബെഡ്ഷീറ്റിൽ പൊതിഞ്ഞ ഗ്യാസ് സിലിണ്ടർ എറിയുക, എന്നിട്ട് തീ കൊളുത്തുക- ഇതായിരുന്നു ഗുജറാത്തിലെപ്പോലെ ഇവിടെയും സ്വീകരിച്ച രീതി.



*പരിക്കേറ്റവരെ ജമാഅത്തെ ഇസ്‌ലാമി മഹാരാഷ്ട്ര അമീർ നാസർ മുഹമ്മദ് മാഡു സന്ദർശിക്കുന്നു*

മതം നോക്കാതെ സാമൂഹികവിരുദ്ധരെ പുറത്തുകൊണ്ടുവരാൻ മീഡിയയും പോലീസും ശ്രമിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി മഹാരാഷ്ട്ര അമീർ നാസിർ മുഹമ്മദ് മാഡൂ ആവശ്യപ്പെട്ടു. പരിക്കേറ്റവരെ അദ്ദേഹം സന്ദർശിച്ചു. ഇതുവരെ ഗവൺമെന്റ് സഹായം ലഭിച്ചിട്ടില്ലാത്തവർക്ക് ധനസഹായം നൽകി. ജമാഅത്തെ ഇസ്‌ലാമി മഹാരാഷ്ട്ര ഘടകം സെക്രട്ടറി ഹാമിദ് ഹുസൈൻ, സാമൂഹിക ക്ഷേമവകുപ്പ് തലവൻ എ. റഊഫ് എന്നിവർ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

മൊത്തം 15-20 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. മൂവ്മെന്റ് ഫോർ പീസ് ആന്റ് ജസ്റ്റിസിന്റെ (എം.പി.ജെ) പ്രവർത്തകരാണ് ജമാഅത്തിന്റെ മേൽനോട്ടത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ജമാഅത്തിന്റെ ദുരിതാശ്വാസ ക്യാമ്പിൽ 1800 പേരെ താമസിപ്പിച്ചിട്ടുണ്ട്. ■

**ബീഹാർ പ്രളയം**

# ജമാഅത്തിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ശ്ലാഘനീയം

**അരാറിയ(ബീഹാർ):** കോസിനദിയിൽനിന്നുള്ള പ്രളയത്തിൽ മുങ്ങിയ അരാറിയ ജില്ലയിലെ താമസക്കാരാണ് ഹർദേവ് ഡോമും ചന്ദ്ര ബിഷ്നോറും. ജീവൻ നിലനിർത്താൻ ഒരുപിടി ഭക്ഷണത്തിനു വേണ്ടി അക്ഷരാർഥത്തിൽ തന്നെ അവർക്ക് നെട്ടോട്ടമോടേണ്ടിവന്നു. അപ്പോഴാണ് മുസ്‌ലിം സംഘടനയായ ജമാഅത്തെ ഇസ്‌ലാമിയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവർക്ക് തുണയായത്. ഭക്ഷണം ലഭിക്കുക മാത്രമല്ല, ദസറ ആഘോഷങ്ങളിൽ അവർക്ക് പങ്കെടുക്കാനുമായി. "ഞങ്ങൾക്ക് വേണ്ടത്ര ഭക്ഷണമുണ്ടായിരുന്നില്ല. ജമാഅത്ത് ഞങ്ങളുടെ ഗ്രാമത്തിൽ ചെയ്ത സേവനപ്രവർത്തനങ്ങൾ ഞങ്ങൾ ഒരിക്കലും മറക്കുകയില്ല" -ചന്ദ്ര ബിഷ്നോർ പറഞ്ഞു.



*ദുരിതാശ്വാസ ക്യാമ്പുകളിലൊന്ന്*

സമുദായങ്ങൾക്കിടയിൽ സംശയവും അവിശ്വാസവും വർധിച്ചുവരുന്ന സാഹചര്യത്തിൽ, ബീഹാറിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ ജമാഅത്ത് നടത്തുന്ന സേവനപ്രവർത്തനങ്ങളെ നിരവധി ഹിന്ദുക്കൾ മുക്തകണ്ഠം പ്രശംസിച്ചു. ഗ്രാമത്തലവൻ മിസ്‌രി ലാൽ പോലും ജമാഅത്തിന്റെ സഹായം നന്ദിയോടെ അനുസ്മരിച്ചു. ആയിരക്കണക്കിന് കിറ്റുകളാണ് പ്രളയബാധിതർക്കായി ജമാഅത്ത് വിതരണം ചെയ്തത്. വസ്ത്രങ്ങൾ മുതൽ 'തുഹാൻ' ഉത്സവമിഠായികൾ വരെ അതിൽ ഉണ്ടായിരുന്നു. "ദസറ സന്തോഷത്തോടെ ആഘോഷിക്കാൻ വേണ്ടിയാണ് ആയിരത്തിലധികം ഹിന്ദു കുടുംബങ്ങൾക്ക് ഞങ്ങൾ ഈ കിറ്റുകൾ വിതരണം ചെയ്തത്"-ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി ഇഅ്ജാസ് അസ്‌ലം പറഞ്ഞു. ഖമറുൽ ഹുദ, ഹാജി നയ്യർ സമാൻ എന്നിവർ നേതൃത്വം നൽകുന്ന ജമാഅത്ത് റിലീഫ് സംഘത്തിന് മതത്തിന്റെയോ ജാതിയുടെയോ പേരിൽ യാതൊരു വിവേചനവും കൽപിക്കരുതെന്ന് പ്രത്യേകം നിർദേശമുണ്ട്.

കോസി നദി ദുരന്തംവിതച്ച രണ്ടാം ദിവസം മുതൽതന്നെ ജമാഅത്തിന്റെ ദുരിതാശ്വാസ പ്രവർത്തനം ആരംഭിച്ചിരുന്നു. മൂവായിരത്തോളം പ്രളയബാധിതർ ഇപ്പോഴും ഈ ക്യാമ്പുകളിൽ കഴിയുന്നു.

(Thaindian News - 2008 ഒക്ടോബർ 20- എന്ന ന്യൂസ് പോർട്ടലിൽ വന്ന വാർത്ത) ■